**തുഞ്ചത്തെഴുത്തച്ഛൻ**
**മലയാളസർവകലാശാല**
വാക്കാട്, മലപ്പുറം - 676502,ഫോൺ : 0494 2631230

## പി എച്ച്. ഡി 2026 പ്രവേശനം

## അഭിമുഖ പരീക്ഷയിൽ പങ്കെടുക്കുന്നവർക്കുള്ള പൊതു നിർദ്ദേശങ്ങൾ

- തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാലയിലെ 2026 വർഷത്തെ പി എച്ച്. ഡി പ്രവേശന റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിന് മുന്നോടിയായുള്ള അഭിമുഖ പരീക്ഷ 2026 സെപ്റ്റംബർ 22 മുതൽ സർവകലാശാല ക്യാമ്പസിൽ വെച്ച് നടത്തുന്നതാണ്.
- അഭിമുഖം നടക്കുന്ന തിയ്യതി സംബന്ധിച്ച കൃത്യമായ വിവരം അതത് പഠന സ്കൂളിൽ നിന്നും അറിയിക്കുന്നതാണ്.
- അഭിമുഖ പരീക്ഷയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടവർ വിദ്യാഭ്യാസ യോഗ്യത, സംവരണ വിഭാഗം എന്നിവ തെളിയിക്കുന്ന എല്ലാ അസ്സൽ സർട്ടിഫിക്കറ്റുകളും ആയതിന്റെ പകർപ്പുകളും ഹാജരാക്കേണ്ടതാണ്.
- സംവരണ വിഭാഗത്തിലേക്ക് പരിഗണിക്കപ്പെടണമെങ്കിൽ SEBC വിഭാഗക്കാർ (ETB, MUSLIM, LC, OBX,OBH) വില്ലേജ് ഓഫീസർ നൽകുന്ന സാധുവായ നോൺക്രിമിലിയർ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.
- പട്ടികജാതി/ പട്ടിക വർഗ്ഗ വിഭാഗത്തിൽ ഉൾപ്പെടുന്നവർ ബന്ധപ്പെട്ട റവന്യൂ അധികാരികൾ നൽകുന്ന ജാതി സർട്ടിഫിക്കറ്റുകൾ ഹാജരാക്കേണ്ടതാണ്.
- EWS വിഭാഗത്തിലേക്ക് പരിഗണിക്കപ്പെടുന്നതിന് റവന്യൂ അധികാരികൾ നൽകുന്ന നിശ്ചിത മാതൃകയിലുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കണം.
- ഭിന്നശേഷി വിഭാഗത്തിലേക്ക് പരിഗണിക്കപ്പെടണമെങ്കിൽ വിദ്യാർത്ഥി യൂണിറ്റ് ഡിസബിലിറ്റി ഐഡന്റിറ്റി കാർഡ് (UDID) അല്ലെങ്കിൽ 40% ത്തിൽ കുറയാതെ ഡിസബിലിറ്റി രേഖപ്പെടുത്തിയതായി മെഡിക്കൽ ബോർഡ് നൽകിയിട്ടുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.
- 10 പേജിൽ കുറയാത്ത മലയാളത്തിൽ തയ്യാറാക്കിയ പ്രബന്ധ സംഗ്രഹവും (synopsis) ആയതിന്റെ പകർപ്പുകളും അഭിമുഖ സമയത്ത് സമർപ്പിക്കേണ്ടതാണ്.

റിസർച്ച് ഡയറക്ടർ.